## സാർവത്രികപ്രാർഥന-മധ്യസ്ഥപ്രാർഥന

## ഇടദിവസങ്ങളിൽ

*[ഇവിടെ നിർദേശിച്ചിരിക്കുന്ന മധ്യസ്ഥപ്രാർത്ഥന ഇടദിവസങ്ങളിൽ പരി. കർബാനയോടുകൂടിയൊ സായാഹ്നയാമപ്രാർത്ഥനയോടുകൂടിയൊ ഉപയോഗിക്കാവുന്നതാണ്].*

- **കാലത്തിലൂടെ സഭയെ എന്നും മുന്നോട്ട് നയിക്കുന്ന, സഭയുടെ സ്രഷ്ടാവും നാഥനുമായ പരിശുദ്ധാത്മാവിനോട് നമുക്ക് ഈ പ്രാർഥന സമർപ്പിക്കാം:**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ, അങ്ങ് വന്നണഞ്ഞാലും!**
- **സഭയുടെ ആത്മാവേ, പരിശുദ്ധാത്മാവേ, വന്നാലും; സിനഡ് അസംബ്ലിയിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോരുത്തരുടെയും അധ്വാനവും പ്രത്യാശയും ആഗ്രഹവും സഫലമാക്കുന്നതിനും അവർ ഐക്യത്തിൽ ഒത്തുചേരുന്നതിനുംവേണ്ടി ഞങ്ങൾ അങ്ങയോട് പ്രാർഥിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **അണയുന്ന നാളത്തെയും ചതഞ്ഞ ഞാങ്ങണയെയും യേശുവിൽ ജ്വലിപ്പിക്കുകയും പുനർജീവിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മൃദുവായ ശ്വാസമേ, വന്നാലും; ഞങ്ങൾ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **സൃഷടിയുടെ ആത്മാവേ, വന്നാലും; ഉണങ്ങിപ്പോയ അസ്ഥികളെ പുനഃസ്ഥാപിക്കുന്നവനേ, നഷ്ടപ്പെട്ടവയെ ശേഖരിക്കുന്നവനേ, പരസ്പരം തിരിച്ചറിയാത്തവരെ സംഭാഷണ ഭാഷയിലേക്ക് നയിക്കുന്നവനേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **എല്ലാ വ്യർഥമായ ചിന്തകളെയും ശുദ്ധീകരിക്കുന്നതും, എല്ലാ ദുഖങ്ങളെയും ദഹിപ്പിക്കുകയും നവജന്മത്തിന്റെ ആനന്ദത്തിലേക്കു രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ജ്വലിക്കുന്ന അഗ്നിയേ വന്നാലും; ഞങ്ങൾ വിനയപൂർവം അപേക്ഷിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **സമാധാനത്തെ സ്നേഹിക്കുകയും നീതിക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുന്നവരുടെ കണ്ണുനീരിലൂടെ കുഞ്ഞാടിന്റെ സുന്ദരിയായ മണവാട്ടിയെ കെട്ടിപ്പടുക്കുന്ന എളിയവരുടെയും ദരിദ്രരുടെയും സൗന്ദര്യമേ, വന്നാലും; ഞങ്ങൾ നിന്നോട് പ്രാർഥിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **ദൈവത്തിന്റെ ക്ഷമയേ വന്നാലും; ഞങ്ങളെ പുതിയ കൂട്ടായ്മയിലേക്ക് അനുരഞ്ജിതരാക്കുന്ന അങ്ങയുടെ ശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യണമെന്ന് ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **ഞങ്ങൾക്ക് അപ്രാപ്യമായ ജ്ഞാനമേ, വന്നാലും; അങ്ങയുടെ സിനഡാത്മക ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമെന്ന് ഞങ്ങൾ യാചിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**
- **സഭയുടെ അചഞ്ചലമായ പ്രത്യാശയേ വന്നാലും; മനുഷ്യദൃഷ്ടിയിൽ അസാധ്യമാണെന്ന് തോന്നിയാലും, ദൈവത്തിന്റെ ഹൃദയത്തിനനുസരിച്ചുള്ള സ്വപ്നങ്ങളും ആഗ്രഹങ്ങളും ഞങ്ങളിൽ ഉണർത്തണമെന്ന് ഞങ്ങൾ അങ്ങയോട് പ്രാർഥിക്കുന്നു.**
  - സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

